''ഭരണഭാഷ – മാതൃഭാഷ''

<u>വളരെ അടിയന്തിരം</u>
<u>സമയബന്ധിതം</u>

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ജി1/117/2015 ചാക്ക, തിരുവനന്തപുരം
തീയതി: 16.01.2015

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ഫെബ്രുവരി 2015 എ.ഐ.ടി.ടി (സെമസ്റ്റർ സ്കീം) രണ്ടാം സെമസ്റ്ററിൽ ഹാൾടിക്കറ്റ് ലഭിക്കുകയും എന്നാൽ പരീക്ഷ എഴുതാത്തതും രണ്ടും മൂന്നും സെമസ്റ്ററിൽ മതിയായ ഹാജർശതമാനം ഉള്ളതുമായ ട്രെയിനികളെ പരീക്ഷ എഴുതിപ്പിക്കുന്നത്– മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്– സംബന്ധിച്ച്.

സൂചന:- ഡി.ജി.ഇ.റ്റി– 19/4/11 സി.ഡി. (പി.റ്റി) നമ്പരായുള്ള 16.7.14 ലെ കത്ത്.

ഫെബ്രുവരി 2015 ൽ മൂന്നാം സെമസ്റ്ററിലേക്ക് നടക്കുന്ന പരീക്ഷയുടെ അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലാണ് സ്വീകരിക്കുന്നത്. രണ്ടാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഹാൾടിക്കറ്റ് ഡയറക്ടറേറ്റിൽ നിന്ന് നൽകുകയും ടി പരീക്ഷയിൽ പങ്കെടുക്കുകയും ചെയ്ത ട്രെയിനികൾക്കാണ് ഓൺലൈൻ സംവിധാനം മുഖാന്തിരം മൂന്നാം സെമസ്റ്ററിലേക്ക് അപേക്ഷകൾ സമർപ്പിക്കുന്നതിന് അനുവാദം നൽകിയിട്ടുള്ളത്. എന്നാൽ രണ്ടാം സെമസ്റ്റർ പരീക്ഷ എഴുതാൻ ഹാൾടിക്കറ്റ് ലഭിച്ചു എങ്കിലും ഒഴിച്ചുകൂടാൻ കഴിയാത്ത ചില സാഹചര്യത്തിൽ ടി പരീക്ഷ എഴുതിയില്ലെങ്കിലും രണ്ടാം സെമസ്റ്ററിൽ 80% ഹാജർ നേടി എന്നത് പരിഗണിച്ച് മൂന്നാം സെമസ്റ്ററിൽ പഠിക്കാൻ പ്രിൻസിപ്പാൾമാർ അനുമതി നൽകുന്നുണ്ട്. ഇപ്രകാരമുള്ള ട്രെയിനികൾക്ക് മൂന്നാം സെമസ്റ്ററിലും 80% ഹാജർ നേടിയിട്ടുണ്ടെങ്കിൽ രണ്ടും മൂന്നും സെമസ്റ്റർ പരീക്ഷകളിൽ പങ്കെടുക്കാമെന്ന് ഡി.ജി.ഇ.റ്റി സൂചന പ്രകാരം അറിയിച്ചിരുന്നു. ഇപ്രകാരമുള്ള ട്രെയിനികളുടെ അപേക്ഷകൾ സ്വീകരിക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതാണ്.

1. സ്വകാര്യ / എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി ഐ.ടി.ഐകളിൽ ഇപ്രകാരമുള്ള ട്രെയിനികളുടെ പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യത പരിശോധിക്കുന്നതിന് രണ്ടും മൂന്നും സെമസ്റ്ററിൽ ടി ട്രെയിനി നേടിയ ഹാജർനില ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് അതാത് നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ശുപാർശ ചെയ്യേണ്ടതാണ്.
2. സർക്കാർ ഐ.ടി.ഐകളിൽ ഇപ്രകാരമുള്ള ട്രെയിനികളുടെ പരീക്ഷയിൽ പങ്കെടുക്കാനുള്ള യോഗ്യത പരിശോധിയ്ക്കുന്നതിന് രണ്ടും മൂന്നും സെമസ്റ്ററിൽ ടി ട്രെയിനി നേടിയ ഹാജർനില ബന്ധപ്പെട്ട രേഖകൾ

പരിശോധിച്ച് ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർ ശുപാർശ ചെയ്യേണ്ടതാണ്. (ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാരുടെ അഭാവത്തിൽ പഴയ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയാൽ മതിയാകും.)

2013 ആഗസ്റ്റിൽ അഡ്മിഷനായതും എന്നാൽ മതിയായ ഹാജർ ശതമാനം ഇല്ലാത്തതിനാൽ പരീക്ഷ എഴുതാത്തതുമായ ട്രെയിനികൾക്ക് പുനപ്രവേശനം നേടി ഫെബ്രുവരി 2015 ൽ നടക്കുന്ന പരീക്ഷയ്ക്ക് ആദ്യ സെമസ്റ്ററിലും രണ്ടാം സെമസ്റ്ററിലും പരീക്ഷ എഴുതാൻ അനുമതി നൽകിയിട്ടുള്ള ട്രെയിനികളുടെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർ ശുപാർശ ചെയ്യേണ്ടതാണ്.( ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാരുടെ അഭാവത്തിൽ പഴയ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ശുപാർശ ചെയ്താൽ മതിയാകും).

സ്വകാര്യ / എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി ഐ.ടി.ഐ മേധാവികൾ ഇത്തരം ട്രെയിനികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും ഗവ.ഐ.ടി.ഐകളിലെ ഇത്തരം ട്രെയിനികളുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഐ.ടി.മാർക്കും **17.1.15 നകം** തന്നെ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതും നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ /ഐ.ടിമാർ ആയത് പരിശോധിച്ച് ട്രെയിനികളുടെ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രഫോർമയിൽ തയ്യാർ ചെയ്ത് deputydirectoroftraining@gmail.com എന്ന വിലാസത്തിൽ **19.01.15 നകം** ലഭ്യമാക്കേണ്ടതുമാണ്. പരീക്ഷകൾ 9.2.15 ന് ആരംഭിക്കുന്നതിനാൽ ആയതിൽ യാതൊരു കാലതാമസവും വരുത്താൻ പാടുള്ളതല്ല.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
ഐ.ടിമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

## പ്രഫോർമ

| ക്രമ നം. | നോഡൽ ഐ.ടി.ഐ യുടെ പേര് | ഗവ/ സ്വകാര്യ / എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി ഐ.ടി.ഐകളുടെ പേര് | ട്രെയിനി യുടെ പേര് | ട്രേഡ് | രണ്ടാം സെമസ്റ്ററിലെ പരീക്ഷയിൽ പങ്കെടുക്കാൻ ലഭിച്ച ഹാൾടിക്കറ്റ് നമ്പർ |
|---|---|---|---|---|---|
| | | | | | |

മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിലെ ട്രെയിനികളുടെ രണ്ടും മൂന്നും സെമസ്റ്ററിലെ ഹാജർനില ഞാൻ പരിശോധിക്കുകയും ആയത് പ്രകാരം ടി ട്രെയിനികൾ എ.ഐടി.ടി ഫെബ്രുവരി 2015 (സെമസ്റ്റർ സ്കിം) ന്റെ രണ്ടും മൂന്നും സെമസ്റ്ററിലേക്കുള്ള പരീക്ഷ എഴുതാൻ യോഗ്യരാണെന്നും ഞാൻ ഇതിനാൽ ശുപാർശ ചെയ്യുന്നു.

ഐ.ടി/നോഡൽ ഐ.ടി.ഐ
പ്രിൻസിപ്പാൾമാരുടെ ഒപ്പും പേരും

ഓഫീസ് സീൽ